൭൯൫ ൫. (൨൯൫) ശ്രീ. എ. എം. തോമസ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഹരിജനോദ്ധാരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ.—

(എ) അവശകുസ്യൻ സമുദായ ഫെഡറേഷൻ എന്ന സംഘടനയിൽനിന്നും അവശകുസ്യൻ സമുദായംഗങ്ങൾക്ക് വിദ്യാഭ്യാസാനുകൂല്യങ്ങൾ കിട്ടാത്തിനെപ്പറ്റി അടുത്ത വല്ല നിവേദനവും കിട്ടിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്റെ സ്വഭാവം എന്ത്;

(സി) ഈ സഭയിലെ ഒരു മെമ്പറായ ശ്രീ. പി. ചാക്കോയുടെ നേതൃത്വത്തിൽ സത്യാഗ്രഹം തുടങ്ങുമെന്ന അവരുടെ നിവേദനത്തിലുണ്ടോ;

(ഡി) വിദ്യാഭ്യാസാനുകൂല്യങ്ങൾ സിദ്ധിക്കാതെ ൨൦൦ കുട്ടികളോളം വിദ്യാലയങ്ങൾ വിടേണ്ടിവന്നിട്ടുണ്ടെന്നു പറയുന്നതിൽ വാസ്തവമുണ്ടോ?

വ്യവസായവും, എക്സൈസും, പ്രാദേശിക സ്വയംഭരണവും വകുപ്പുമന്ത്രി (ശ്രീ. എൻ. കുഞ്ഞുരാമൻ):

(എ) ഉണ്ട്.

(ബി) പ്രസ്തുത നിവേദനത്തിൽ പിന്നോക്ക സമുദായകുസ്യൻ സമുദായക്കാരുടെ ആവശ്യങ്ങളേയും ആ സമുദായത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് നേരിടേണ്ടിവന്നിട്ടുള്ള വിഷമതകളേയും പറഞ്ഞ് പ്രതിപാദിച്ചിരുന്നു.

(സി) ഉണ്ടായിരുന്നു.

(ഡി) ഇല്ല.

Unstarred Questions

ചേർത്തല താലൂക്കിലെ ഫാക്ടറികൾ

൭൯൬. (൨) ശ്രീ. കൃഷ്ണൻ അയ്യപ്പൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ലേബർ മന്ത്രി സദയം മറുപടി നൽകുമോ.—

(എ) ചേർത്തല താലൂക്കിൽ ഇപ്പോൾ പ്രവർത്തനം നടത്തിക്കൊണ്ടിരിക്കുന്ന ഫാക്ടറികൾ എത്ര;

(ബി) അവയിൽ ആകെക്കൂടി ജോലിചെയ്തുകൊണ്ടിരിക്കുന്ന തൊഴിലാളികൾ എത്ര;

(സി) ൧൯൫൭-ൽ പ്രവർത്തനം നടത്തിക്കൊണ്ടിരുന്ന ഫാക്ടറികൾ എത്ര; അന്നുണ്ടായിരുന്ന തൊഴിലാളികൾ എത്ര;

(ഡി) ൧൯൫൪-ൽ പ്രവർത്തനം നടത്തിക്കൊണ്ടിരുന്ന ഫാക്ടറികളുടെ എണ്ണവും അവകളിൽ ജോലിയുണ്ടായിരുന്ന തൊഴിലാളികളുടെ എണ്ണവും?

വിദ്യാഭ്യാസവും തൊഴിലും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ): (എ) ൪൨.

(ബി) ൫,൪൦൦.

(സി) ൩൭ തൊഴിൽശാലകൾ. ൪,൫൪൦ തൊഴിലാളികൾ.

(ഡി) ൪൩ തൊഴിൽശാലകൾ. ൩,൩൭൫ തൊഴിലാളികൾ.

STATE TRANSPORT

27. [5] **Sri. Eapen Arakkal:** Will the Hon'ble Minister for Public Works and Communications be pleased to state.—

(*a*) the annual gross income;

(*b*) the annual expenditure;

(*c*) the net profit from the State Transport Department for the year 1124 M. E.

LIBRARY ARCHIVES Kerala Legislative Assembly

(*d*) of this expenditure how much money was spent for the purchase of new buses;

(*e*) what is the total number of buses bought by the department in 1124 and 1125;

(*f*) is there any petrol scarcity at present in the matter of putting in more vehicles in the routes?

Minister for Public Works, Communications and Agriculture **[Sri. E. John Philipose]:**

(*a*) The gross income for the year 1124 was Rs. 92,13,766—1—4.

(*b*) The expenditure for 1124 M. E. was Rs. 71,63,610—12—2. This is the total revenue expenditure for the year and includes depreciation charges and interest on capital.

(*c*) Rs. 20,50,155—5—2.

(*d*) Nil. The cost of purchase of new vehicle is not treated as expenditure chargeable to revenue. Cost of new buses is treated as capital expenditure.

(*e*) 101 in 1124, 127 in 1125.

(*f*) No.

Short Notice Question

മാനേജർമാരുടേയും, സ്റ്റാഫംഅദ്ധ്യാപകന്മാരുടേയും കാൺഫ്രൻസ്

ക. ശ്രീ. വി. കെ. ജോസഫ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ഈയിടെ ഗവണ്മെണ്ടിന്റേയും, മാനേജർമാരുടേയും അദ്ധ്യാപകന്മാരുടേയും പ്രതിനിധികളും അടങ്ങിയ ഒരു കാൺഫ്രൻസിലെ തീരുമാനങ്ങളും അനുസരിച്ച് നവംബർ മാസം 15-ാംതീയ്യതിക്കകം ഫീസ് പിരിവു ട്രഷറിയിൽ അടക്കാത്ത പ്രൈവറ്റ് സ്കൂളുകളിൽ പണിമുടക്കേണ്ടിവരുമെന്ന എ. ടി. എസ്സ്. എ മാനേജർമാർക്ക് നോട്ടീസ് കൊടുത്തിട്ടുള്ള വിവരം ഗവണ്മെണ്ടിനറിയാമോ;

(ബി) ഈ പണിമുടക്ക് ഇല്ലാതെ കഴിക്കുവാൻ ഗവണ്മെണ്ട് സ്വീകരിച്ചിട്ടുള്ള നടപടികളും എന്തെല്ലാം;

(സി) (എ) ചോദ്യത്തിൽ പറഞ്ഞിരിക്കുന്ന കാൺഫ്രൻസിൽ തീരുമാനിക്കപ്പെട്ടതായി റിപ്പോർട്ട് ചെയ്തിരുന്ന പ്രൈവറ്റ് സെക്കണ്ടറിസ്കൂൾ വിദ്യാഭ്യാസപദ്ധതിയുടെ വിശദവിവരങ്ങളും എന്തെല്ലാം?

Sri. K. P. Nilakanta Pillai: Sir, on a point of order. It is an unstarred question. May I know whether its answer can be given orally?

Mr. Speaker: The member requested my permission earlier to treat it as starred. The Minister concerned consented and therefore the answer will be given orally.

വിദ്യാഭ്യാസവും തൊഴിലും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ): (എ) അറിയാം.

(ബി) എല്ലാ സ്കൂൾ മാനേജർമാരും പുതിയ പദ്ധതി സ്വീകരിച്ച് താമസിയാതെ നടപ്പിൽവരുത്തുമെന്നാണ് ഗവണ്മെണ്ട് ഉദ്ദേശിക്കുന്നത്. പല സ്കൂളുകളും അങ്ങനെ ചെയ്തിട്ടുള്ളതായി റിപ്പോർട്ടുണ്ട്. മറ്റു സ്കൂളുകളും ആ പദ്ധതിയനുസരിച്ച് പണിമുടക്കു കൂടാതെ കഴിക്കുമെന്ന് ഗവണ്മെണ്ട് വിശ്വസിക്കുന്നു.

(സി) വിശദവിവരങ്ങൾ അടങ്ങിയ ഒരു സ്റ്റേറ്റ്മെൻറ്† മേശപ്പുറത്തു വച്ചിരിക്കുന്നു.

† See answer to question No. 710 earlier in this issue.

LIBRARY ARCHIVES Kerala Legislative Assembly